**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3290** **08-10-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവളത്തോടനുബന്ധിച്ചുള്ള നാലുവരിപ്പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോട് അനുബന്ധിച്ച് പ്രഖ്യാപിച്ച നാലുവരിപ്പാതകളുടെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ ബന്ധിപ്പിക്കുന്ന 3 നാലുവരിപ്പാത റോഡുകളാണുള്ളത്.<br><br>**റോഡ് 1- തലശ്ശേരി - കൊട്ടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്**<br><br>തലശ്ശേരി മാഹി ബൈപ്പാസിൽ ബാലത്തിൽ നിന്നും തുടങ്ങി പിണറായി - മമ്പറം - അഞ്ചരക്കണ്ടി - എന്നിവയെ ബന്ധിപ്പിച്ച് മട്ടന്നൂർ ടൗണിന് സമീപം വായന്തോടിൽ അവസാനിക്കുന്ന**21.976** കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദ്ദിഷ്ട പാതയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളത് .39.93 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്. ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം 08.01.2025 ന് പ്രസിദ്ധീകരിച്ചു. സബ് ഡിവിഷൻ സർവ്വെ/വ്യക്തിഗത സർവ്വെ പ്രവൃത്തികൾ റവന്യൂ വിഭാഗത്തിൽ പുരോഗമിച്ചുവരികയാണ്. സർവ്വെ നടപടികൾ പൂർത്തിയായതിന് ശേഷം കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതാണ്.<br><br>**റോഡ് - 2 കുറ്റ്യാടി - നാദാപുരം പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട്- കൂത്തുപറമ്പ - മട്ടന്നൂർ എയർപ്പോർട്ട് റോഡ് - 53.15 കി.മീ**<br><br>പ്രസ്തുത പദ്ധതി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ നിന്നും ആരംഭിച്ച് നാദാപുരം വഴി കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ - മേക്കുന്ന്-പാനൂർ-പൂക്കോട്-കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് കണ്ണൂർ |

എയർപ്പോർട്ടിന് സമീപം അവസാനിക്കുന്ന ടി നാല് വരിപ്പാതയുടെ കണ്ണൂർ ജില്ലയുടെ ഭാഗമായി വരുന്ന പെരിങ്ങത്തൂർ മുതൽ എയർപ്പോർട്ട് വരെയുള്ള റോഡിന് 28.55 കി.മീ നീളമാണുള്ളത്. 39.863 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്. 4(1) വിജ്ഞാപനം 19.02.2024 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹികാഘാത പഠനം വിദഗ്ധസമിതി ശുപാർശ പ്രകാരം 2013 ലെ LARR നിയമപ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി റവന്യൂ വിഭാഗം സ്വീകരിച്ച് വരികയാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സർവ്വെ നടപടികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതാണ്.

**<u>റോഡ് - 3. മാനന്തവാടി - പേരാവൂർ - മട്ടന്നൂർ എയർപോർട്ട് റോഡ്</u>**

മാനന്തവാടി മുതൽ അമ്പായത്തോട് വരെ 18.00 കി.മീ നീളത്തിൽ മലയോരഹൈവേ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അമ്പായത്തോട് മുതൽ മട്ടന്നൂർ വരെ **40** കി.മീ നീളത്തിലുള്ള നിർദ്ദിഷ്ട എയർപ്പോർട്ട് കണക്ടിവിറ്റി റോഡ് നിലവിൽ നാലുവരിപ്പാതയായാണ് വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. **84.906** ഹെക്ടർ ഭൂമിയാണ് റോഡിൻ്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1) എന്നീ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി റവന്യൂ വിഭാഗം സ്വീകരിച്ച് വരികയാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സർവ്വെ നടപടികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതിനും ഇതിനുശഷം ഈ റോഡുകളുടെ പ്രവൃത്തി ടെണ്ടറിംഗ് നടപടികളിലേക്ക് കടക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ ബന്ധിപ്പിക്കുന്ന **3** നാലുവരിപ്പാത റോഡുകളാണുള്ളത്.<br><br>**റോഡ് 1- <u>തലശ്ശേരി - കൊട്ടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്</u>**<br><br>തലശ്ശേരി മാഹി ബൈപ്പാസിൽ ബാലത്തിൽ നിന്നും തുടങ്ങി പിണറായി - മമ്പറം - അഞ്ചരക്കണ്ടി - എന്നിവയെ ബന്ധിപ്പിച്ച് മട്ടന്നൂർ ടൗണിന് സമീപം വായന്തോടിൽ അവസാനിക്കുന്ന**21.976** കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദ്ദിഷ്ട പാതയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളത് .39.93 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്. ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം 08.01.2025 ന് പ്രസിദ്ധീകരിച്ചു. സബ് ഡിവിഷൻ സർവ്വെ/വ്യക്തിഗത സർവ്വെ പ്രവൃത്തികൾ റവന്യൂ വിഭാഗത്തിൽ പുരോഗമിച്ചുവരികയാണ്. സർവ്വെ നടപടികൾ പൂർത്തിയായതിന് ശേഷം കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതാണ്.<br><br>**റോഡ് - 2 <u>കുറ്റ്യാടി - നാദാപുരം പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട്- കൂത്തുപറമ്പ - മട്ടന്നൂർ എയർപ്പോർട്ട് റോഡ് - 53.15 കി.മീ</u>**<br><br>പ്രസ്തുത പദ്ധതി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ നിന്നും ആരംഭിച്ച് നാദാപുരം വഴി കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ - മേക്കുന്ന്-പാനൂർ-പൂക്കോട്-കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് കണ്ണൂർ എയർപ്പോർട്ടിന് സമീപം അവസാനിക്കുന്ന ടി നാല് വരിപ്പാതയുടെ കണ്ണൂർ ജില്ലയുടെ ഭാഗമായി വരുന്ന പെരിങ്ങത്തൂർ മുതൽ എയർപ്പോർട്ട് വരെയുള്ള റോഡിന് 28.55 കി.മീ നീളമാണുള്ളത്. 39.863 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്. 4(1) വിജ്ഞാപനം 19.02.2024 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹികാഘാത പഠനം വിദഗ്ധസമിതി ശുപാർശ പ്രകാരം 2013 ലെ LARR നിയമപ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി റവന്യൂ വിഭാഗം സ്വീകരിച്ചു വരികയാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സർവ്വെ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതാണ്.<br><br>**<u>റോഡ് - 3. മാനന്തവാടി - പേരാവൂർ - മട്ടന്നൂർ എയർപോർട്ട് റോഡ്</u>**<br><br>മാനന്തവാടി മുതൽ അമ്പായത്തോട് വരെ 18.00 കി.മീ നീളത്തിൽ മലയോരഹൈവേ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അമ്പായത്തോട് മുതൽ മട്ടന്നൂർ വരെ **40** കി.മീ നീളത്തിലുള്ള നിർദ്ദിഷ്ട എയർപ്പോർട്ട് കണക്ടിവിറ്റി റോഡ് നിലവിൽ നാലുവരിപ്പാതയായാണ് വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. **84.906** ഹെക്ടർ ഭൂമിയാണ് റോഡിൻ്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1) എന്നീ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി റവന്യൂ വിഭാഗം സ്വീകരിച്ചു വരികയാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സർവ്വെ നടപടികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതിനും ഇതിനുശേഷം ഈ റോഡുകളുടെ പ്രവൃത്തി ടെണ്ടറിംഗ് നടപടികളിലേക്ക് കടക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ